**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 498** **17-03-2023 - ൽ മറുപടിയ്ക്ക്**

**വ്യവസായ, വാണിജ്യ നയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. കെ. അക്ബർ,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. ലിന്റോ ജോസഫ്** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | പുതിയ കരട് വ്യവസായ, വാണിജ്യ നയം വിഭാവനം ചെയ്യുന്ന രീതിയിൽ വ്യവസായവൽക്കരണം ത്വരിതപ്പെടുത്തുന്നതിനായി വിവിധ ഏജൻസികളുടെ പ്രവർത്തനം ഏകോപിപ്പിച്ചുകൊണ്ട് കാര്യക്ഷമമായ ഇടപെടൽ നടത്തുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. സംരംഭകത്വ പ്രോത്സാഹനം, അടിസ്ഥാന സൗകര്യ വികസനം, ഹൈടെക്ക് സങ്കേതിക വിദ്യയിലേക്കുള്ള മാറ്റം, നൈപുണ്യവികസനം, വ്യവസായ സൗഹൃദ അന്തരീക്ഷം, കേരളം എന്ന ബ്രാൻഡ് വളർത്തുക, മുൻഗണനാ മേഖലകളിലൂന്നിയ വ്യവസായവത്കരണം എന്നീ സുപ്രധാന നയസ്തംഭങ്ങളിലൂന്നിയ വ്യവസായ വളർച്ചയാണ് കരട് വ്യവസായ നയം വിഭാവനം ചെയ്തിട്ടുള്ളത്. ഇതിന്റെ ഫലപ്രാപ്തിക്കായി വ്യവസായ വകുപ്പിന്റേയും സർക്കാരിന്റെ മറ്റ് വകുപ്പുകളുടെയും ഏജൻസികളുടെയും സംയുക്തമായ പ്രവർത്തനം സാധ്യമാക്കുന്ന രീതിയിലാണ് നയം രൂപീകരിച്ചിട്ടുള്ളത് |
| (ബി) | സംസ്ഥാനത്ത് സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുള്ള മികച്ച വ്യവസായാന്തരീക്ഷത്തിൽ വിദേശ രാജ്യങ്ങളിൽ നിന്നുൾപ്പെടെ നിക്ഷേപം ആകർഷിക്കുന്നതിന് നിക്ഷേപ പ്രോത്സാഹന തന്ത്രത്തിന് രൂപം നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | പുതിയ സംരംഭങ്ങളുടെ രൂപീകരണത്തിനും നിലവിലുള്ള സംരംഭങ്ങളുടെ വളർച്ചയ്ക്കും അനുയോജ്യമായ ഒരു മികച്ച വ്യവസായ അന്തരീക്ഷം (എക്കോസിസ്റ്റം) സൃഷ്ടിക്കുക എന്നുള്ളതിനാണ് സർക്കാർ മുൻഗണന നൽകുന്നത്. ഇതിനു വേണ്ട വിവിധ പ്രവർത്തനങ്ങൾ വ്യവസായ വകുപ്പ് നടപ്പിലാക്കി വരുന്നു.സംസ്ഥാനത്തെ വ്യാവസായിക അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനുള്ള ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ് നയങ്ങൾ, വിവിധ പരിശീലന പരിപാടികൾ, വിപണനം ഉറപ്പാക്കുന്നതിനുള്ള പദ്ധതികൾ എന്നിവ കൂടാതെ സംരംഭക വർഷത്തിന്റെ ഭാഗമായുള്ള വിവിധ പദ്ധതികളും ഈ മേഖലയുടെ വികസനത്തിനായി ആവിഷ്കരിച്ചിരിക്കുന്നു.വ്യവസായ വികസനം സാധ്യമാക്കുന്നതിനായി സർക്കാർ നടത്തുന്ന ശ്രമങ്ങൾക്ക് ഉണ്ടാകുന്ന തടസ്സങ്ങൾ ഒഴിവാക്കിക്കൊണ്ട് നിലവിൽ പ്രവർത്തനം ആരംഭിച്ച സംരംഭങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കിയുള്ള വിവിധ |

| | | | |
|---|---|---|---|
| | | | പദ്ധതികൾ അടുത്ത സാമ്പത്തിക വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.<br><br>കേരളത്തിൽ നിർമിക്കപ്പെടുന്ന ഉൽപ്പന്നങ്ങളുടെ ഗുണമേന്മ സാക്ഷ്യപ്പെടുത്തുന്നതിനും അവയ്ക്ക് ദേശീയ അന്തർദേശീയ വിപണികൾ പ്രാപ്തം ആക്കുന്നതിനു സഹായിക്കുന്നതിനുമായി കേരള ബ്രാൻഡ് സംവിധാനം ആരംഭിക്കുന്നു. സംസ്ഥാനത്തെ നിലവിലുള്ള സംരംഭങ്ങളിൽ നിന്ന് തിരഞ്ഞെടുത്ത 1000 സംരംഭങ്ങൾ, 4 വർഷം കൊണ്ട് 1,00,000 കോടി രൂപ വിറ്റുവരവ് കൈവരിക്കുന്ന രീതിയിൽ ഉള്ള ഒരു സ്കെയിൽ അപ്പ് പദ്ധതി നടപ്പിലാക്കാൻ പോകുന്നു. 2022-23-ൽ ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതി വളരെ മികച്ച രീതിയിൽ നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട് |
| (സി) | വ്യവസായ സംരംഭങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിൽ കെ.എസ്.ഐ.ഡി.സി., കിൻഫ്ര എന്നിവ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ? | (സി) | വ്യാവസായിക വളർച്ചയ്ക്ക് ഉതകുന്ന തരത്തിലുള്ള വ്യവസായ പാർക്കുകൾ രൂപീകരിക്കുന്നതിനും പാർക്കുകളിൽ അടിസ്ഥാന പശ്ചാത്തല സൗകര്യം വികസിപ്പിക്കുന്നതിനും പ്രോൽസാഹിപ്പിക്കുന്നതിനും, സംരക്ഷിക്കുന്നതിനും, വ്യവസായ സംരംഭകരെ ആകർഷിച്ച് വിജയകരമായ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും കെ..എസ്.ഐ.ഡി.സി-യേയും, കിൻഫ്രയേയും ചുമതലപ്പെടുത്തിയിട്ടുണ്ട്.<br><br>വ്യവസായ പ്രോൽസാഹനത്തിനായും അതിലൂടെ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും വേണ്ടി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (KSIDC), കണ്ണൂരും കോഴിക്കോട്ടും ചേർത്തലയിലും വ്യവസായ വളർച്ച കേന്ദ്രങ്ങൾ; തിരുവനന്തപുരത്ത് തോന്നയ്ക്കലിൽ ലൈഫ് സയൻസ് പാർക്ക്; ചേർത്തലയിലെ വ്യവസായ വളർച്ച കേന്ദ്രത്തിൽ മെഗാ ഫുഡ് പാർക്ക്; പാലക്കാട് കെ.എസ്.ഐ.ഡി.സി ഇൻവെസ്റ്റ്മെൻറ് സോൺ തുടങ്ങിയവ സജ്ജമാക്കുന്നത്. കൂടാതെ പുതിയതായി ആരംഭിക്കുന്ന വ്യവസായ പാർക്കുകളാണ് കാസർഗോഡ് Industrial Space, അങ്കമാലിയിൽ Business Park, കുറ്റിയാടിയിൽ Industrial Park തുടങ്ങിയവ.<br><br>വ്യവസായ വളർച്ചാ കേന്ദ്രങ്ങളിലും വ്യവസായ പാർക്കുകളിലും KSIDC വ്യവസായ സംരംഭകർക്കായി അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങളായ ആന്തരിക റോഡുകൾ, ഡ്രെയിനേജ് സംവിധാനങ്ങൾ, വൈദ്യുതി വിതരണം, ജലവിതരണം, ചുറ്റുമതിലുകൾ, മഴവെള്ള നിർമാർജ്ജന ഓടകൾ, മലിനജല സംസ്കരണ |

ശാലകൾ, ഗേറ്റുകൾ, സെക്യൂരിറ്റി ക്യാബിനുകൾ, ഭരണനിർവഹണ കെട്ടിടങ്ങൾ, ക്രെഷ് കെട്ടിടങ്ങൾ, സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറികൾ, കോമൺ ഫെസിലിറ്റി സെന്ററുകൾ, വെയർ ഹൗസുകൾ തുടങ്ങിയവ KSIDC ഒരുക്കുന്നു.

വ്യവസായ വളർച്ച കേന്ദ്രങ്ങളിലും വ്യവസായ പാർക്കുകളിലും കെ.എസ്.ഐ.ഡി.സി.യിലെ അലോട്ട്മെന്റ് പോളിസി പ്രകാരം വ്യവസായ യൂണിറ്റുകൾക്ക് പാട്ടവ്യവസ്ഥയിൽ അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങളോടു കൂടിയ ഭൂമിയും SDF (സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി)-യിൽ സ്ഥലവും അനുവദിക്കുന്നുണ്ട്.

വ്യവസായങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് അടിസ്ഥാന സൗകര്യങ്ങളായ ജലം, വൈദ്യുതി, റോഡ്, വികസിപ്പിച്ച പ്ലോട്ടുകൾ എന്നിവ ഒരുക്കി വ്യവസായ പാർക്കുകൾ സ്ഥാപിച്ച് കിൻഫ്ര വ്യവസായ നിക്ഷേപങ്ങൾ ആകർഷിച്ചു കൊണ്ടിരിക്കുന്നു. ഇവ കൂടാതെ വ്യവസായ സംരംഭകർക്ക് ഏകജാലക സംവിധാനം വ്യവസായ പാർക്കുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. വ്യവസായ സംരംഭകർക്ക് സർക്കാർ ഉത്തരവ് പ്രകാരം അവരുടെ ഭൂമിയുടെ രജിസ്ട്രേഷൻ ചെയ്യുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിലും ഇളവ് അനുവദിച്ചിട്ടുണ്ട്.

കിൻഫ്ര പാർക്കിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി ഭൂമി അലോട്ട് ചെയ്താൽ സംരംഭകന് വ്യവസായങ്ങൾ ആരംഭിക്കുന്നതിന് 24 മാസത്തെ സമയപരിധി നിശ്ചയിച്ചിട്ടുണ്ട്. കിൻഫ്ര പാർക്കുകളിൽ നിശ്ചിത സമയത്തിനുള്ളിൽ വ്യവസായ സംരംഭങ്ങൾ ആരംഭിക്കാത്ത പക്ഷം ഭൂമി തിരികെ എടുക്കുന്നതിന് കിൻഫ്രയ്ക്ക് അധികാരമുണ്ട്. ഇപ്രകാരം നടപടിക്രമങ്ങൾ പൂർത്തീകരിച്ചുകൊണ്ട് ഭൂമി തിരിച്ചെടുക്കുകയും അത് പുതിയ സംരംഭകർക്ക് അലോട്ട് ചെയ്യുകയും ചെയ്യുന്ന രീതിയാണ് തുടർന്നുവരുന്നത്.

നിലവിൽ 30 വർഷത്തെ പാട്ട വ്യവസ്ഥയിലാണ് ഭൂമി സംരംഭകർക്ക് അലോട്ട് ചെയ്യുന്നത്. എന്നാൽ 30 വർഷം കഴിയുമ്പോൾ 5000 രൂപ രജിസ്ട്രേഷൻ ഫീ അടച്ച് അടുത്ത 30 വർഷത്തേക്ക് പുതുക്കാവുന്നതാണ്. പരമാവധി 90 വർഷം വരെ ഇത് തുടരാവുന്നതാണ്.

ഇതുമായി ബന്ധപ്പെട്ട് ഡിസ്ട്രിക്റ്റ് ഇൻഡസ്ട്രിയൽ ലാൻറ് അലോട്ട്മെൻറ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇതുവഴിയാണ് ഭൂമി അലോട്ട് ചെയ്യുന്നത്. ഭൂമി

| | | | |
|---|---|---|---|
| | | | കൂടുതൽ സുതാര്യമായും വേഗതയിലും ലഭ്യമാക്കുന്നതിന് സംസ്ഥാന സർക്കാർ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് (Ease of Doing Business) നടപ്പിലാക്കിയിട്ടുണ്ട്. ഇതുവഴി വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ അനുബന്ധ ലൈസൻസുകൾ ലഘൂകരിക്കുകയും ഓൺലൈൻ സംവിധാനം വഴി സമയബന്ധിതമായി ഇവ ലഭിക്കുന്നതിനുള്ള പോർട്ടൽ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് വ്യവസായ അന്തരീക്ഷം കൂടുതൽ സൗഹൃദമാക്കുന്നതിന്റെ ഭാഗമായി വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള അനുമതികൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനായി K-SWIFT (Kerala Single Window Interface for Fast & Transparent) സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.<br><br>കൂടാതെ, 10 കോടി രൂപയിൽ താഴെ നിക്ഷേപം നടത്തുന്ന സംരംഭകർക്ക് ഓൺലൈൻ വഴി അപേക്ഷ സമർപ്പിക്കുന്നതിനും സെൽഫ് ഡിക്ലറേഷൻ സംവിധാനം വഴി വ്യവസായങ്ങൾ ആരംഭിക്കുന്നതിനുമുള്ള സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. ഇപ്രകാരം ആരംഭിക്കുന്ന വ്യവസായങ്ങൾക്ക് അനുബന്ധ അനുമതികൾ 3 വർഷത്തിനുള്ളിൽ നേടിയെടുത്താൽ മതിയാകും.<br><br>വ്യവസായ സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് കിൻഫ്രയുടെ നേതൃത്വത്തിൽ കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി, പെട്രോകെമിക്കൽ പാർക്ക്, കൊച്ചി, സ്പൈസസ് പാർക്ക്, തൊടുപുഴ, ഡിഫൻസ് പാർക്ക്, ഒറ്റപ്പാലം, ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം – കാക്കാഞ്ചേരി, മലപ്പുറം, അന്താരാഷ്ട്ര എക്സിബിഷൻ കം കൺവെൻഷൻ സെന്റർ (IECC) കാക്കനാട്, കൊച്ചി, എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ